ഉത്തരം

(എ &ബി) പരവൂർ ഡിസ്ട്രിബ്യൂട്ടറിയിലെ ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ പുനരുദ്ധാരണ പണികൾക്കും അനുബന്ധ ജോലികളായ പരവൂർ, ഭൂതക്കുളം മേഖലകളിലെ കനാൽ ജോലികൾ പൂർത്തീകരിക്കുന്നതിനുമായി തയ്യാറാക്കിയ 5.5 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം

151 (2706) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം, അടങ്കൽ തുക എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ജലസേചന വകുപ്പിന് കീഴിൽ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം -3

1. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം	255.335 കോടി
2. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ	13.49 കോടി
3. കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ	758.39 കോടി
അടങ്കൽ തുക	1027.215 കോടി

എല്ലാ പ്രവൃത്തികളും ആലപ്പുഴ ജില്ലയിൽ ആണ്.

(ബി) അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly